**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.സാദത്ത് എൻ.എ., സീനിയർ ക്ലാർക്ക് ഫയൽ ചെയ്ത OA-602/2018-ന്മേലുള്ള 16.05.2018-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1996/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 21.07.2018.**

പരാമർശം: 1) സ.ഉ.(സാധാ)നം.998/2018/തസ്വഭവ തീയതി, 09.04.2018.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-602/2018-ന്മേലുള്ള 16.05.2018-ലെ അന്തിമ ഉത്തരവ്.

3) ശ്രീ.സാദത്ത് എൻ.എ. സമർപ്പിച്ച 23.05.2018-ലെ അപേക്ഷ.

4) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.06.2018-ലെ ഇഎ2/11234/2018 നമ്പർ കത്ത്.

5) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.06.2018-ലെ എ1-5935/2018/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി, പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത വകുപ്പിലെ ജീവനക്കാരനായ ശ്രീ.സാദത്ത് എൻ.എ.-യെ ആലപ്പുഴ നഗരസഭയിൽ പുനർവിന്യസിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതിന്മേൽ ശ്രീ.സാദത്ത് എൻ.എ. പരാമർശം (2) പ്രകാരം ഫയൽ ചെയ്ത ഒ.എ-യിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവായി.

> "The applicant shall file a representation before the fourth respondent within a period of two weeks from today. On receipt of such representation, along with a certified copy of this order, the fourth respondent shall consider the same and pass appropriate orders thereon, after calling for a report from the second respondent as well as the fifth respondent and after affording an opportunity of personal hearing to the applicant and the additional six respondent. Appropriate orders shall be issued by the fourth respondent within a period of two months from the date of receipt of a copy of this order. All the contentions in the Original Application are left open to be agitated before the fourth respondent".

ശ്രീ.സാദത്ത് എൻ.എ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-602/2018-ന്മേലുള്ള 16.05.2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.സാദത്ത്. എൻ.എ.-യെ 26.06.2018-ന് 3 മണിക്ക് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരും ഹാജരായിരുന്നു. ശ്രീ.സാദത്ത് നിവേദനത്തിലെ ആവശ്യം നടപ്പാക്കണമെന്ന് അപേക്ഷിച്ചു. തനിക്ക് അരൂർ ഗ്രാമപഞ്ചായത്തിലെ LSGD Wing-ൽ മാത്രമേ ജോലി ചെയ്യാൻ താല്പര്യമുള്ളൂവെന്നും അതിലേയ്ക്കായാണ് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളതെന്നും, ടിയാൻ ഓപ്ഷൻ നൽകുമ്പോൾ ടി ഓഫീസിൽ ഒരു അംഗീകൃത തസ്തിക ഉണ്ടായിരുന്നതായും ഇപ്പോൾ ആ തസ്തിക ഇല്ലാതായതായി അറിയാൻ കഴിഞ്ഞതായും അതിനാൽ ടിയാനെ ഈ ഉത്തരവിൽ നിന്നും ഒഴിവാക്കി മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിലേക്ക് തിരികെ അയയ്ക്കണമെന്നും ആവശ്യപ്പെട്ടു. കൂടാതെ ഏതു ജില്ലയിലും ഉള്ള പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസിൽ ജോലി ചെയ്യാനും താൻ തയ്യാറാണെന്ന് അറിയിച്ചു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകനെ തിരികെ അയയ്ക്കുന്നതിന് മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിൽ ഒഴിവ് ഇല്ലായെന്ന് പരാമർശം (4) പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അപേക്ഷകൻ ആവശ്യപ്പെട്ട അരൂർ ഗ്രാമപഞ്ചായത്തിലെ LSGD Wing-ൽ പുനർവിന്യാസ വ്യവസ്ഥയിൽ ആരെയും നിയമിക്കുന്നില്ലയെന്ന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.സാദത്ത് എൻ.എ.-യുടെ നിവേദനത്തിലെ ആവശ്യം നിരസിക്കുന്നതോടൊപ്പം പുനർവിന്യാസം നൽകിയ ആലപ്പുഴ നഗരസഭയിൽ ജോയിൻ ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിക്കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീ.സാദത്ത്.എൻ.എ., നടവെള്ളയിൽചിറ, പൊന്നാട് പി.ഒ., മണ്ണാഞ്ചേരി, ആലപ്പുഴ - 688 538.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതുമരാമത്ത് വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ